# പതിനാലാം കേരളനിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: T1639 — 14.08.2017-ൽ മറുപടിക്ക്

## സർക്കാർ മേഖലയിലെ നഴ്സിംഗ് വിദ്യാർത്ഥികളെ സ്വകാര്യ ആശുപത്രികളിൽ ജോലിക്ക് നിയോഗിച്ച നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.സണ്ണി ജോസഫ് | | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർ നടത്തിയ സമരത്തെ നേരിടുവാൻ കണ്ണൂർ ജില്ലാ കളക്ടർ നിരോധനാജ്ഞ പ്രഖ്യാപിച്ചിരുന്നോ എന്നറിയിക്കാമോ;<br>(ബി) സമരം നടന്ന സ്വകാര്യ ആശുപത്രികളിൽ സർക്കാർ മേഖലയിലെ നഴ്സിംഗ് വിദ്യാർത്ഥികളെ ജോലിക്ക് നിയോഗിച്ച് ഉത്തരവിറക്കിയിരുന്നോ എന്ന് വ്യക്തമാക്കുമോ;<br>(സി) നഴ്സിംഗ് പഠനം പൂർത്തിയാക്കി നഴ്സിംഗ് കൗൺസിലിൽ രജിസ്റ്റർ ചെയ്യാത്ത വിദ്യാർത്ഥികളെ ഇപ്രകാരം ആശുപത്രികളിൽ ജോലിക്ക് നിയോഗിച്ചത് ഏത് ചട്ടത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വിശദമാക്കുമോ ? | (എ), (ബി) & (സി) | കണ്ണൂർ ജില്ലയിലെ സ്വകാര്യ ആശുപത്രിയിലെ നഴ്സുമാരുടെ സമരത്തിന്റെ പശ്ചാത്തലത്തിൽ മുൻ കരുതലുകൾ സ്വീകരിക്കുവാനുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നഴ്സുമാരുടെ സമരം മൂലം പൊതുജന ആരോഗ്യത്തിനും മനുഷ്യ ജീവനുമുള്ള ഭീഷണി നേരിടുവാൻ വേണ്ടി മുൻ കരുതൽ എന്ന നിലയിൽ സി.ആർ.പി.സി.144 വകുപ്പിലെ ഉപവകുപ്പ് (1) പ്രകാരം ജില്ലാ മജിസ്ട്രേറ്റിനുള്ള അധികാരം ഉപയോഗിച്ച് കണ്ണൂർ ജില്ലയിലെ ആശുപത്രികളിലെ പ്രതിസന്ധി പരിഹരിക്കുവാൻ വേണ്ടി വിവിധ നഴ്സിംഗ് സ്കൂളുകളിലെ സീനിയർ വിദ്യാർത്ഥികളെ അതാത് സർക്കാർ, സ്വകാര്യ ആശുപത്രികളിൽ ബന്ധപ്പെട്ട അധ്യാപകരുടെ മേൽനോട്ടത്തിൽ താൽക്കാലിക സേവനത്തിന് നിയോഗിക്കുകയും പോലീസ് സംരക്ഷണത്തിന് ഉത്തരവിറക്കുകയുമാണ് ചെയ്തിട്ടുള്ളത്. നിരോധനാജ്ഞ പ്രസ്തുത ഉത്തരവിൽ പ്രതിപാദിച്ചിട്ടില്ല. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മറ്റ് നിയമനടപടികളൊന്നും സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ